# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.642** **25.05.2017-ൽ മറുപടിയ്ക്ക്**

**നികുതി വരുമാനത്തിലുണ്ടായ ഏറ്റക്കുറച്ചിൽ**

| | ചോദ്യം<br>ശ്രീ.ടി.വി.ഇബ്രാഹിം<br>ശ്രീ.പാറക്കൽ അബ്ദുല്ല<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ഡോ.എം. കെ. മുനീർ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കഴിഞ്ഞ അഞ്ചുവർഷക്കാല പരിധിയിൽ നികുതി വരുമാനത്തിലുണ്ടായ ഏറ്റക്കുറച്ചിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയിലുണ്ടാക്കിയ വ്യതിയാനം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | 2011-12 മുതൽ 2016-17 വരെയുള്ള സംസ്ഥാനത്തിന്റെ നികുതി വരുമാനം, റവന്യൂ കമ്മി/ജി.എസ്.ഡി.പി, ധനകമ്മി/ജി.എസ്.ഡി.പി, മൂലധന ചെലവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>2011-2012-ൽ 18.04% നികുതി വരുമാനം (കേന്ദ്ര നികുതി വിഹിതം ഉൾപ്പെടെ) വളർച്ചാ നിരക്ക് രേഖപ്പെടുത്തിയ സ്ഥാനത്ത് 2012-13 ൽ 16.43%, 2013-14-ൽ 6.9%, 2014-15-ൽ 9.36% എന്നിങ്ങനെ ആയി കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ കാലയളവിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിലുള്ള ചോർച്ചയും നികുതി പിരിച്ചെടുക്കുന്നതിലുള്ള വീഴ്ച്ചയും ഇതിനു പ്രധാന കാരണങ്ങളാണ്. 2015-16-ൽ നികുതി വരുമാനം 19.76 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. 14-ാം കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം കേന്ദ്ര നികുതി വിഹിതം വർദ്ധിപ്പിച്ചിട്ടുള്ളത് ഇതിന് ഒരു പ്രധാന കാരണമാണ്. |
| (ബി) | നികുതി ഘടനയിൽ ഈ വർഷം വരുത്തുന്ന മാറ്റം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ഏത് വിധത്തിൽ സ്വാധീനിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; | (ബി) | 2017 ജൂലൈ 1 മുതൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ചരക്ക സേവന നികുതി പ്രാപ്യ സ്ഥാനാധിഷ്ഠിത നികുതി വ്യവസ്ഥയാണ്. കേരളം പ്രധാനമായും ഒരു ഉപഭോക്തൃ സംസ്ഥാനമാകയാൽ പ്രാപ്യ സ്ഥാന തത്വം |

| | | | |
|---|---|---|---|
| | വ്യക്തമാക്കുമോ; | | കേരളത്തിന്റെ നികുതി പിരിവിന് ഗുണപ്രദമാകും എന്നാണ് കരുതുന്നത്. എന്നാൽ കഴിഞ്ഞ ജി. എസ്.ടി കൗൺസിലിൽ നികുതി നിരക്ക് നിശ്ചയിച്ച പ്രകാരം പല സാധനങ്ങൾക്കും നിലവിലുള്ള നികുതി നിരക്കിനേക്കാൾ ജി.എസ്.ടി നിരക്ക് കുറവാണ്. ആയതിനാൽ മുൻപ് പ്രതീക്ഷിച്ചതുപോലുള്ള നേട്ടം നികുതി പിരിവിൽ ഉണ്ടാകാൻ ഇടയില്ല. അന്തർ സംസ്ഥാന കൈമാറ്റങ്ങളിൽ നൽകിയ നികുതി വാങ്ങിയ വ്യാപാരിക്ക് തുടർ വില്പന നടത്തുമ്പോൾ ക്രെഡിറ്റ് എടുക്കാവുന്നതാണ്. നികുതിയ്ക്കുമേൽ നികുതി എന്ന അവസ്ഥ പൂർണ്ണമായും ഇല്ലാതാകും. ഇത് വ്യാപാര സ്ഥാപനങ്ങൾ തമ്മിലുള്ള മത്സരം വർദ്ധിപ്പിക്കുകയും ഉപഭോക്താക്കൾക്ക് ഗുണപ്രദമാകുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ടെലികമ്മ്യൂണിക്കേഷൻ, ഇൻഷ്വറൻസ്, ഫിനാൻസ്, ബാങ്കിംഗ് തുടങ്ങിയ സേവന മേഖലകളിൽ നിന്നും കേരളം ഗണ്യമായ നികുതി പിരിവ് പ്രതീക്ഷിക്കുന്നു. ചരക്ക് സേവന നികുതി നടപ്പിലാക്കുമ്പോൾ വരുമാനത്തിൽ നഷ്ടം ഉണ്ടായാൽ 2015-16 വർഷത്തെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വർദ്ധനവ് വർഷം തോറും കണക്കാക്കി ആദ്യ അഞ്ചു വർഷത്തേക്ക് പൂർണ്ണമായി നഷ്ട പരിഹാരം നൽകുന്ന രീതിയിൽ ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാസ്സാക്കിയിട്ടുണ്ട്. ആയതിനാൽ സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ജി.എസ്.ടി പ്രതികൂലമായി ബാധിക്കുകയി ല്ലെന്നാണ് കരുതുന്നത്. |
| (സി) | ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ നികുതി വരുമാനത്തിൽ വർദ്ധന പ്രതീക്ഷിക്കുന്നുണ്ടെങ്കിൽ ആ വർദ്ധന സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഉപയുക്തമാക്കാൻ ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുമോ? | (സി) | വർദ്ധിച്ചുവരുന്ന റവന്യൂചെലവുകളും സാമൂഹ്യ ക്ഷേമ ചെലവുകളും യാതൊരു തടസ്സവും കൂടാതെ നിർവ്വഹിക്കുന്നതിന് ആവശ്യമായ തുക കണ്ടെത്തുന്നതോടൊപ്പം പൊതു മരാമത്ത്, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ അടിസ്ഥാന മേഖലകളുമായി ബന്ധപ്പെട്ട പ്രോജക്ടുകളും നിർവ്വഹണത്തിന്റെ പ്രാരംഭ ഘട്ടത്തിലാണ്. കൂടാതെ സ്പോർട്ട്സ് സ്റ്റേഡിയങ്ങൾ, സാംസ്കാരിക സമുച്ചയങ്ങൾ, |

| | | | |
|---|---|---|---|
| | | | കാർഷിക സംസ്കരണ പാർക്കുകൾ, വ്യവസായ പാർക്കുകൾ, വ്യവസായ ഇടനാഴിക്കു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ തുടങ്ങിയവയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകളും തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| Year | Tax revenue | | Revenue Deficit/ GSDP | Fiscal Deficit/ GSDP | Capital Expenditure (Rs. in crores) | Growth rate` (%) |
|---|---|---|---|---|---|---|
| | Amount (Rs. in crores) | Growth rate (%) | | | | |
| 2011-12 | 31708.96 | 18.04 | 2.61 | 4.16 | 3852.92 | 14.54 |
| 2012-13 | 36917.26 | 16.43 | 2.68 | 4.29 | 4603.29 | 19.48 |
| 2013-14 | 39463.70 | 6.90 | 2.63 | 3.94 | 4294.33 | -6.71 |
| 2014-15 | 43158.79 | 9.36 | 2.65 | 3.59 | 4254.59 | -0.93 |
| 2015-16 | 51685.82 | 19.76 | 1.64 | 3.03 | 7500.04 | 76.28 |
| 2016-17 (RE) | 59772.65 | 15.65 | 2.1 | 3.53 | 8748.48 | 16.65 |

Jeyanth

സെക്ഷൻ ഓഫീസർ